**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4699** **10-08-2021 - ൽ മറുപടിയ്ക്ക്**

**ബ്രോയിലർ ചിക്കൻ ഉല്പാദനവും വിപണനവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | ബ്രോയിലർ ചിക്കൻ സംസ്ഥാനത്ത് ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിന് സർക്കാർ തലത്തിൽ എന്തൊക്കെ നടപടികൾ കൈക്കൊള്ളുന്നുണ്ട് എന്ന് വ്യക്തമാക്കാമോ; | (എ) | KEPCO, കുടുംബശ്രീ, BDS, എന്നീ ഏജൻസികളെ ഒരുമിപ്പിച്ചുകൊണ്ടു മൃഗസംരക്ഷണ വകുപ്പ് ഇറച്ചിക്കോഴി ഉത്പാദനത്തിനും വിപണനത്തിനും വേണ്ടി "കേരള ചിക്കൻ" പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. 2600 ചെറുകിട ബ്രോയിലർ ഫാമുകളെ കെപ്കോ, കുടുംബശ്രീ, BDS എന്നീ ഏജൻസികൾ വഴി തിരഞ്ഞെടുത്ത് 50000/- രൂപ വരെ ധനസഹായം നൽകുകയും ഏജൻസികളുടെ ഫാമുകളിൽ ഉല്പാദിപ്പിക്കുന്ന ഒരു ദിവസം പ്രായമുള്ള ഇറച്ചി കോഴിക്കുഞ്ഞുങ്ങളെ മിതമായ വിലയ്ക്ക് കുടുംബശ്രീയ്ക്കും അംഗങ്ങളായ കർഷകർക്കും നൽകി അവരിൽ നിന്നും കോഴിക്കുഞ്ഞുങ്ങൾക്ക് 40-45 ദിവസം പ്രായമാകുമ്പോൾ സമാഹരിച്ച് ഏജൻസികളുടെ പ്ലാന്റുകളിൽ process ചെയ്തു മൃഗസംരക്ഷണ വകുപ്പിന്റെ ലാബിൽ പരിശോധിച്ച് antibiotic, മറ്റ ഹാനികരമായ രാസപദാർത്ഥങ്ങൾ എന്നിവ ഇല്ലെന്ന് ഗുണനിലവാരം ഉറപ്പ് വരുത്തി കോഴിയിറച്ചിയായും, മൂല്യവർദ്ധിത ചിക്കൻ ഉല്പന്നങ്ങളായും പദ്ധതിയുടെ വിപണന കേന്ദ്രങ്ങൾ വഴി വിപണിയിൽ എത്തിക്കുന്നു. |
| (ബി) | മത്സ്യ ലഭ്യത കുറയുന്ന സാഹചര്യത്തിൽ ബ്രോയിലർ ചിക്കൻ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് കൈക്കൊള്ളുന്നത് എന്ന് അറിയിക്കാമോ; | (ബി) | മത്സ്യ ലഭ്യത കുറയുന്ന സാഹചര്യത്തിൽ പൊതുമേഖലാ സ്ഥാപനമായ സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ കൂടുതൽ ഇറച്ചിക്കോഴി കുഞ്ഞുങ്ങളെ ഉത്പാദിപ്പിച്ച് സ്വന്തം പ്ലാന്റിൽ സംസ്കരിച്ച് ഇറച്ചിയാക്കി 'കെപ്കോ ചിക്കൻ' എന്ന പേരിൽ മിതമായ നിരക്കിൽ വിൽക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിനുപുറമേ കേരള ചിക്കൻ പദ്ധതി വഴിയും, കുടുംബശ്രീ യൂണിറ്റുകൾ മുഖാന്തിരവും കോൺട്രാക്ട് ഫാമിംഗിലൂടെയും ഇറച്ചിക്കോഴികളുടെ ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുവാനും ലക്ഷ്യമിടുന്നു. |
| (സി) | കേരള ചിക്കൻ എല്ലാ പ്രദേശങ്ങളിലേക്കും | (സി) | കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിച്ചു |

| | | | |
|---|---|---|---|
| | വ്യാപിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത് എന്ന് വിശദമാക്കാമോ; | | വരുന്ന KEPCO, കുടുംബശ്രീ, BDS, എന്നീ ഏജൻസികൾ വഴി നിലവിൽ 2600 ബ്രോയിലർ ഫാമുകളും, 240 sales outlet കളും വിവിധ സ്ഥലങ്ങളിൽ സ്ഥാപിതമാകുന്നുണ്ട്. ഭാവിയിൽ കൂടുതൽ ഫാമുകളും sales outlet കളും വരുന്നത് വഴി കേരള ചിക്കൻ എല്ലാ പ്രദേശങ്ങളിലും വ്യാപിപ്പിക്കുന്നതാണ്. |
| (ഡി) | എം.എസ്.എം.ഇ. മുഖേന ബ്രോയിലർ ചിക്കൻ ഉല്പാദിപ്പിക്കുന്നത് പരിഗണനയിലുണ്ടോ; എങ്കിൽ എത്ര തൊഴിലവസരങ്ങൾ ഈ മേഖലയിൽ ഇതുകാരണം സൃഷ്ടിക്കാൻ/വർദ്ധിപ്പിക്കാൻ ആകും എന്ന് വ്യക്തമാക്കാമോ? | (ഡി) | നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ